**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** | **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്നും കരകയറ്റുമെന്ന സർക്കാരിന്റെ വാഗ്ദാനം പാലിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്നും കരകയറ്റുമെന്ന സർക്കാരിന്റെ വാഗ്ദാനം പാലിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും, വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല 2022-23 സാമ്പത്തിക വർഷത്തിൽ 1312.13 കോടി രൂപ നാളിതുവരെ വായ്പ ധനസഹായമായും, 12.51 കോടി രൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം പെൻഷൻ മുടങ്ങുന്ന അവസ്ഥ സംജാതമായപ്പോൾ സർക്കാർ മുൻകൈയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തിരം പെൻഷൻ മുടക്കം കൂടാതെ നൽകുകയുണ്ടായി. ഇതിനുപുറമെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമഗ്രപുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതി വാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നു വരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി |

| | | | |
|---|---|---|---|
| | | | ടിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചു വരുന്നു.<br><br>പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ച് വരുന്നു. ഇത് ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ച് ചെലവ് കുറച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>മേൽ കൈക്കൊണ്ട വൈവിധ്യവത്ക്കരണത്തിലൂടെ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു. |
| (ബി) | നഷ്ടത്തിൽ നിന്നും കരകയറുന്നതിനോ ജീവനക്കാർക്ക് കൃത്യമായി മാസ ശമ്പളം നൽകുവാനോ കഴിയാത്ത അവസ്ഥയിൽ കെ.എസ്.ആർ.ടി.സി. എത്തിനിൽക്കുന്നുവെന്നത് വസ്തുതയാണോ; വിശദമാക്കുമോ; | (ബി) | കോവിഡ് മഹാമാരിക്കുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനവും വിവിധ നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും എങ്കിലും വരവിനേക്കാളേറെ ചെലവേറി വരുന്ന സാഹചര്യത്തിൽ സ്വന്തം വരുമാനത്തിൽ നിന്നും ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുവാൻ കഴിയാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. ഡീസൽ, സ്പെയർ പാർട്സ് വിലയിലെ അനിയന്ത്രിത വർദ്ധനവ്, ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം അനുവദിച്ചതുമൂലമുള്ള അധിക ബാധ്യത, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നിങ്ങനെയുള്ള ചെലവുകൾ ഏറിയത് കാരണമാണ് ജീവനക്കാരുടെ മാസ ശമ്പളം കൃത്യമായി മാസാദ്യം നൽകാൻ കഴിയാത്തത്. എന്നാൽ ജീവനക്കാരുടെ 2022 ഡിസംബർ വരെയുള്ള ശമ്പളം നൽകി കഴിഞ്ഞു. 2023 ജനുവരി മാസത്തെ ശമ്പളം നല്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് |

| | | | |
|---|---|---|---|
| | | | അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുക വഴി കോവിഡിനെ തുടർന്ന് നിർത്തിവെച്ചിരുന്ന നിരവധി സർവ്വീസുകൾ കൂടി പുനരാരംഭിക്കാനും അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു.<br><br>കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടെ സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ച് വരുന്നു. ഇത് ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ച് ചെലവ് കുറച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.<br><br>പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനുമായി ചെറിയ ബസ്സുകൾ ഉപയോഗിച്ച് ഇടറോഡുകൾ റസിഡൻഷ്യൽ ഏര്യ എന്നിവിടങ്ങളിൽ നിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി **തിരുവനന്തപുരത്ത് മണ്ണന്തല മുതൽ തിരുമല വരെ ആദ്യ ഫീഡർ സർവ്വീസ്** 2023 ജനുവരി 16-ന് തുടങ്ങി.<br><br>ടിക്കറ്റിതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിലേക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസ് സ്റ്റേഷൻ പരസ്യം, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ ബസുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നു.<br><br>മേൽ കൈക്കൊണ്ട വൈവിധ്യവത്ക്കരണത്തിലൂടെ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ